# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി. 4869/23/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി:29/06/2023

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - സബ്ഗ്രൂപ്പാഫീസർമാർക്ക് പ്രായോഗിക പരിജ്ഞാനം നൽകുന്നത് - സംബന്ധിച്ച്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന ദേവസ്വങ്ങളിൽ വിജിലൻസ് വിഭാഗത്തിന്റെ പരിശോധന വേളയിൽ, സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ പുതുതായി നിയമനം ലഭിച്ച്, ജോലി നോക്കിവരുന്നവരിൽ, രജിസ്റ്ററുകൾ മുറപ്രകാരം പരിപാലിക്കുന്നില്ലായെന്നും, ആയത് പ്രായോഗിക പരിജ്ഞാനകുറവ്കൊണ്ടാണെന്ന് ബോദ്ധ്യപ്പെട്ടതായും, ആകയാൽ പുതുതായി സബ്ഗ്രൂപ്പ് ആഫീസറായി നിയമിക്കുന്നവർക്ക് പ്രായോഗിക പരിജ്ഞാനം നൽകണമെന്നും വിവരിച്ച് വിജിലൻസ് റിപ്പോർട്ടുകൾ ലഭിച്ചുവരുന്നു.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ദേവസ്വങ്ങളിൽ സന്ദർശനം നടത്തുന്ന അവസരങ്ങളിൽ, ദേവസ്വങ്ങളിലെ ആവശ്യമായ പരിശോധന നടത്തി, പ്രായോഗിക പരിജ്ഞാനം ആവശ്യമുള്ളതായി കാണുന്ന സബ്ഗ്രൂപ്പാഫീസർമാർക്ക് ''സിനീയർ'' അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പാഫീസർമാർ മുഖേന ഒരു മാസത്തെ പരിശീലനം നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച കൂടാതെ നടപടി സ്വീകരിക്കുകയും വിവരം ഈ ആഫീസിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

Jyo.23/06

പകർപ്പ്: IT Section